# മരത്തഹള്ളി വാക്കേഴ്സ് ക്ലബ്

സച്ചിദാനന്ദൻ

നടത്തമായിരുന്നു സുവീരന്റെ ഒരേയൊരു വിനോദവും കായികാഭ്യാസവും. താൻ നടക്കുന്ന വഴി ആകാശമാണെന്ന് ചിലപ്പോൾ അയാൾക്കു തോന്നും; താരാപഥത്തിൽ അലയുന്ന ഒരിളംകാറ്റാണ് താൻ എന്നും. പൂർവജന്മത്തിൽ കപിലവസ്തുവിലേയ്ക്കോ കാൽവരിയിലേയ്ക്കോ മദീനയിലേയ്ക്കോ ദണ്ഡിയിലേയ്ക്കോ താൻ നടന്നു പോയിട്ടുണ്ടാകാം എന്നാലോചിച്ച് സുവീരന് വേദന കലർന്ന അഭിമാനം തോന്നാറുണ്ട്. ചിലപ്പോൾ താൻ കാലു കുത്തിയിട്ടില്ലാത്ത നഗരങ്ങളിൽ, ബോംബേ, ഡൽഹി, കാഠ്മണ്ഡു, ഡമാസ്കസ്, ടെഹറാൻ, ഇസ്താംബുൾ, കെയ്റോ, ഏഥൻസ്, ലണ്ടൻ, ബെർലിൻ, പാരീസ്... കാണാനുള്ളതെല്ലാം കണ്ടു നടന്നുപോകുന്നതായി സങ്കൽപ്പിക്കും. നോവലുകളിലും യാത്രാവിവരണങ്ങളിലും കൂടി അവിടങ്ങളിലെ തെരുവുകളും ഉദ്യാനങ്ങളും ക്ഷേത്രങ്ങളും പള്ളികളും സ്മാരകങ്ങളുമെല്ലാം അയാൾക്ക് പരിചിതമായിക്കഴിഞ്ഞിരുന്നു.

സുവീരന്റെ നടത്തങ്ങൾ സംഭവരഹിതമായിരുന്നില്ല; എപ്പോഴും ഏകാന്തവുമായിരുന്നില്ല. മനുഷ്യർക്ക് അയാളുടെ വേഗത്തിൽ അത്രയും വലിയ ദൂരങ്ങൾ താണ്ടുക പ്രയാസകരമായിരുന്നു എന്നത് ശരി തന്നെ. എന്നാൽ ചിലപ്പോൾ ഉത്സാഹിയായ ഒരു നായ അയാളോടൊപ്പം ഓടുകയോ സഞ്ചാരപ്രിയനായ ഒരു കാക്ക അയാളുടെശിരസ്സിനു മുകളിലൂടെ അതേ വഴിയിൽ പറക്കുകയോ ചെയ്യുമായിരുന്നു. പല വൃക്ഷങ്ങൾക്കും അയാളോടൊപ്പം നടന്നാൽ കൊള്ളാമെന്നുണ്ടായിരുന്നെങ്കിലും ആഴത്തിലുള്ള വേരുകൾ അവരെ നിൽക്കുന്നിടത്തുതന്നെ ഉറപ്പിച്ചുനിർത്തി. അതിനാൽ അവർ ചില്ലകൾ വീശി അയാളെ അഭിവാദ്യം ചെയ്തു തൃപ്തിപ്പെട്ടു.

എപ്പോളും ധൃതിയിൽ നടക്കുന്ന ആ മുപ്പതുകാരനെക്കണ്ട് ചില മനുഷ്യരും പൂച്ചകളും തുറിച്ചുനോക്കാറുണ്ട്. ചിലർ 'ഇത്ര തിരക്കിട്ട് എങ്ങോട്ടാണ്' എന്ന് ചോദിക്കാൻ പോലും ധൈര്യപ്പെട്ടിട്ടുണ്ട്. അയാൾ എപ്പോഴും നിഷേധ രൂപത്തിലേ പ്രതികരിക്കുക പതിവുള്ളൂ: 'വായുഗുളിക വാങ്ങാനല്ല', 'അന്ത്യകൂദാശയ്ക്കു പാതിരിയെ വിളിക്കാനല്ല', 'സഹോദരിക്ക് പ്രസവവേദന തുടങ്ങിയിട്ടില്ല' ,'ഉദ്യോഗത്തിനുള്ള ഇന്റർവ്യൂ ഒന്നുമില്ല', 'കാമുകി റെസ്റ്റോറന്റിൽ കാത്തിരിക്കുന്നില്ല' , 'സമരമൊന്നും ഉദ്ഘാടനം ചെയ്യാനില്ല', 'വീടിന്നു തീപ്പിടിച്ചിട്ടില്ല', 'സുനാമി പിറകെ വരുന്നില്ല','വൈൻഷോപ്പ് അടയ്ക്കാൻ ഇനിയും സമയമുണ്ട്'...അങ്ങിനെയങ്ങിനെ. ഒരു തവണ ആ ചോദ്യം ചോദിച്ചവർ പിന്നെ ആ കൊടുങ്കാറ്റിനെ അഭിമുഖീകരിക്കാൻ ധൈര്യപ്പെട്ടിട്ടില്ല.

നിവൃത്തി കെടുമ്പോൾ മാത്രമേ സുവീരൻ പോയ വഴിക്കുതന്നെ തിരിച്ചു വരാറുള്ളൂ. താൻ നടക്കുന്ന വഴി സുമാർഗ്ഗമോ 'കുമാർഗ്ഗ'മോ എന്നൊന്നും അയാൾ ആലോചിക്കാറില്ല. അതുകൊണ്ട് ചില സദാചാരപ്പോലീസുകാർ അയാളെ ചിലപ്പോൾ സംശയിക്കാതെയുമിരുന്നിട്ടില്ല. പക്ഷെ നേത്രങ്ങൾ ചക്രവാളത്തിൽ ഉറപ്പിച്ചവനുണ്ടോ

നശ്വരമായ ദേഹത്തിന്റെ ആർത്തികൾ ശമിപ്പിക്കാൻ സമയം! വഴിയെ വരിച്ചവന് എന്തു ലക്ഷ്യം! സർവ്വസാക്ഷിയായ നിത്യപഥികന് എന്ത് അപഥസഞ്ചാരം!

ഇതിന്നകം തന്റെ നഗരത്തിലെ എല്ലാ പ്രധാന തെരുവുകളും ഉപതെരുവു കളും ഊടുവഴികളും അയാൾക്ക് പരിചിതമായിരുന്നു. ഓരോ ബസ്സും വണ്ടിയും എപ്പോൾ ഏതിലൂടെ കടന്നു പോകും, എവിടെയൊക്കെ നിർത്തും, ആരെല്ലാം എപ്പോൾ പതിവായി കയറും, എന്നും പോകുന്ന സ്വകാര്യ കാറുകൾ ഏതെല്ലാമാണ്, അവയിലുള്ളവർ ഇതു ഓഫീസിൽ , കോളേജിൽ അഥവാ വീട്ടിൽ ചെന്ന് കയറും, ഏതു പശു എപ്പോൾ റോഡു മുറിച്ചു കടക്കും, എല്ലാം അയാൾക്ക് തിട്ടമായിരുന്നു. ഒരു തരത്തിൽ പറഞ്ഞാൽ അയാൾ ഒരു നഗരവിജ്ഞാനകോശമോ, രഹസ്യങ്ങളുടെ കലവറയോ ആയിരുന്നു എന്ന് പറയാം. അയാൾ ഒരു ഷെർലക് ഹോംസ് ആണോ എന്ന് വരെ സംശയിച്ചവരുണ്ട്. കൂടെ വാട്സൺ ഇല്ലാത്തതു കൊണ്ട് മാത്രം 'ആവില്ല' എന്ന് അവർ കരുതി. സുവീരൻ എപ്പോൾ ഏതിലൂടെ കടന്നു പോകും എന്ന് ഒരാൾക്കും പ്രവചിക്കാൻ കഴിയില്ലായിരുന്നു. അയാൾ ഭൂമധ്യരേഖയൊന്നും ആയിരുന്നില്ലല്ലോ. നിരീക്ഷകനായിരുന്നെനിലും നല്ല ഒരു ആസൂത്രകനായിരുന്നു അയാൾ എന്നുപറയുക വയ്യ, അഥവാ സ്വന്തം പദ്ധതി തന്നിൽ നിന്നു തന്നെ അയാൾ മറച്ചു വെച്ചതാണ് എന്നും വരാം.

ഇന്നേ വരെ ഒരു കാർ പോകട്ടെ, സ്കൂട്ടർ വാങ്ങുന്നതു പോലും അയാൾ ആലോചിച്ചിട്ടില്ലായിരുന്നു. ലാപ് ടോപ്പിൽ രണ്ടു മണിക്കൂർ ചെയ്യുന്ന ജോലി അയാൾക്ക് വേണമെങ്കിൽ അതിനുള്ള വരുമാനം നൽകിയിരുന്നെങ്കിലും. നഗരപാർശ്വത്തിലെ ഒരു ലോഡ്ജിൽ ആയിരുന്നു അയാളുടെ താമസം, അതിനു താമസം എന്ന് പറയാമെങ്കിൽ. കൃത്യമായി പറഞ്ഞാൽ ബാംഗ്ലൂർ നഗരകേന്ദ്രത്തിനു പുറത്തുള്ള മരത്തഹള്ളിയിൽ. അവിടെ തന്റെ കൊച്ചു മുറിയിലിരുന്നു അയാൾ താൻ ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഒരു പുറംനാടിലെ വലിയ കമ്പനിക്കു വേണ്ടി പണിയെടുത്തു. മഴുവൻ സമയവും ജോലിയെടുക്കാൻ തയ്യാറായാൽ അയാൾക്ക് വൈറ്റ് ഫീൽഡിലോ, ഇലക്ട്രോണിക് സിറ്റിയിലോ ഒരു പണി തരമാക്കുക ഒട്ടും പ്രയാസമല്ലായിരുന്നു. അതിന്നു ശ്രമിക്കാതിരിക്കാൻ അയാൾക്ക് രണ്ടു കാരണങ്ങളുണ്ടായിരുന്നു: ഒന്ന്, തന്റെ എളിയ ജീവിതം കഴിച്ചു കൂട്ടാനുള്ള വക മാത്രമേ അയാൾക്ക് വേണ്ടിയിരുന്നുള്ളൂ , സമ്പാദ്യത്തെ അയാൾ ഭയപ്പെട്ടു ; രണ്ട്, പിന്നെ അയാൾക്ക് നടക്കാൻ സമയമെവിടെ? നിത്യവും ഓഫീസിലേക്കു പോയി ക്ഷീണിച്ചു തിരിച്ചു വന്ന് നടക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാകുമായിരുന്നു.

ആദ്യമാദ്യം അയാൾ മരത്തഹള്ളിയിൽ നിന്ന് നേരെ കബ്ബൺ പാർക്കിൽ പോയി നടന്നു തിരിച്ചു വരുമായിരുന്നു. പിന്നെ വേറെ ഒരു വഴി സ്വീകരിച്ചു. മരത്തഹള്ളിയിൽ നിന്ന്നു കോറമംഗല, ജയനഗർ, ടിപ്പുവിന്റെ കൊട്ടാരം, ഗോൾഫ് കോഴ്സ്, ജലഹള്ളി അങ്ങിനെ പോയി കാൽക്കെരെ, ഇന്ദിരാനഗർ വഴി മരത്തഹള്ളിയിൽ തിരിച്ചു വരിക. ജയനഗറിലും ഇന്ദിരാനഗറിലും മറ്റും നടക്കാൻ ധാരാളം ഇടവഴികളുമുണ്ടല്ലോ. പിന്നെപ്പിന്നെ നടത്തം നീണ്ടു. ജീഗാനി, ഹോസൂർ, ശൂലഗിരി, കുപ്പം ഇവിടങ്ങളിലെക്കൊക്കെ നടന്നു. തുംകൂരിലേയ്ക്കും ദൊഡ്ഡബല്ലപുരയിലേയ്ക്കും കുർബൂരിലേയ്ക്കും കോലാറിലേയ്ക്കുംനടന്നു; കുനിഗളിലേയ്ക്കും യദ്യൂരിലേയ്ക്കും മഗഡിയിലെയ്ക്കും രാമനഗറിലേയ്ക്കും നടന്നു; ചിത്രദുർഗ്ഗ വഴി ദാവണഗെരെയിൽ, കെംഗേരി, ബിഡാദി, രാമനഗരം, ചെന്നപട്ടണം, മദ്ദൂർ, മാൺഡ്യ, ശ്രീരംഗ പട്ടണം ഇതെല്ലാം കടന്നു മൈസൂരിൽ;

ശിവസമുദ്രം, ചാമരാജ് നഗർ, സത്യമംഗലം, പൊള്ളാച്ചി, മൂന്നാർ വഴി കൊടൈക്കനാൽ; ഗോണിക്കൊപ്പ കടന്നു മടിക്കേരിയിൽ; എന്തിനു മടിക്കേരിയിൽ നിന്ന് സുൽത്താൻ ബത്തേരി വഴി ഊട്ടി വരെയും, കോലാറും ചിറ്റൂരും തിരുവള്ളൂരും കടന്നു ചെന്നൈ വരെയും പോയി. ചന്നസാന്ദ്രയും ഗുട്ടഹള്ളിയും ബൊമ്മനഹള്ളിയും യശ്വന്ത്പൂരും കാണാപ്പാഠമായി. ചിലപ്പോഴൊക്കെ പ്രസവിച്ച ഒരു സ്ത്രീയുടെ ഉദരത്തിലെ വലിഞ്ഞു മുറുകിയ അടയാളങ്ങളിൽ കൂടിയാണ് താൻ നടക്കുന്നത് എന്നയാൾക്ക് തോന്നി. ചിലപ്പോൾ താൻ ഒരു ഭൂപടനിർമ്മാതാവാണെന്നും.

പിന്നെപ്പിന്നെ ഒറ്റയ്ക്കുള്ള നടത്തം അയാൾക്ക് മടുത്തു. തന്നെപ്പോലെ നടത്തത്തിൽ ആവേശമുള്ളവർ വേറെയും ഈ നഗരത്തിൽ ഉണ്ടാവില്ലേ? അങ്ങിനെയാണ് സുവീരൻ നടത്തപ്രിയരായ പതിനാലു പേരെ കണ്ടെത്തിയത്, ഇരുപത്തെട്ടു കാലുകളെ എന്നും പറയാം. രണ്ടു സ്ത്രീകൾ ഉൾപ്പെടെ. സ്ത്രീകളുടെ എണ്ണം കുറഞ്ഞത് അവർക്ക് നടത്തം ഇഷ്ടമില്ലാഞ്ഞിട്ടല്ല, ജോലിയും വീട്ടുജോലിയും കഴിഞ്ഞ്അവർക്ക് സമയം ഇല്ലാതിരുന്നതു കൊണ്ടാണ്.ഈ രണ്ടു പേരിൽ ഒരാൾ യു ആർ അനന്ത്മൂർത്തിയുടെ' സംസ്കാര' എസ് എൽ ഭൈരപ്പയുടെ 'ആവരണ' , സിദ്ദലിംഗയ്യയുടെ 'ഊരുകേരി' എന്നീ കൃതികളിൽ പ്രതിഫലിക്കുന്ന വ്യത്യസ്തമായ ഇന്ത്യകളുടെ താരതമ്യ പഠനം നടത്തുന്ന, ഒരു ദളിത് കുടുംബത്തിൽ പിറന്ന, കന്നഡസാഹിത്യഗവേഷകയായിരുന്നു, മറ്റൊരാൾ പരിസ്ഥിതിപ്രവർത്തകയും. പുരുഷന്മാർ അധികവും ജോലി കിട്ടാത്ത യുവാക്കൾ, പിന്നെ പെൻഷൻ പറ്റിയ മൂന്നു ഉദ്യോഗസ്ഥരും.

അതായിരുന്നു 'മരത്തഹള്ളി വാക്കേഴ്സ് ക്ലബ്ബി'ന്റെ തുടക്കം. ഓഫീസ് സുവീരന്റെ മുറി തന്നെയായിരുന്നു, നടക്കുന്ന ഒരു ഓഫീസാണ് അയാൾ ആഗ്രഹിച്ചതെങ്കിലും നടക്കുന്ന കെട്ടിടങ്ങൾ അഥവാ വീടുകൾ അയാൾക്ക് കണ്ടെത്താനായില്ല. പിന്നെ വല്ല വാനോ മറ്റോ വാടകയ്ക്കെടുക്കണം, അതിനുള്ള പണം അയാൾക്കില്ലായിരുന്നു. എല്ലാവരും ഒന്നിച്ചു ഒരിടത്തേയ്ക്ക് നടക്കണം എന്ന ഒരു നിർബന്ധവും ഇല്ലാതിരുന്നതിനാൽ സുവീരൻ സ്വതന്ത്രനായിരുന്നു, ചിലപ്പോൾ ചിലർ അനുവാദത്തോടെ അയാളെ അനുഗമിക്കും എന്ന് മാത്രം. എല്ലാവരും അന്നന്നത്തെ നടത്തത്തിന്റെ അനുഭവങ്ങൾ ഒരു ഡയറിയിൽ എഴുതണം എന്നത് അലംഘനീയമായ ഒരു ക്ലബ്ബ്നിയമമായിരുന്നു. ഞായറാഴ്ചയോഗങ്ങളിൽ അവ അവതരിപ്പിക്കുകയും വേണമായിരുന്നു. ആ റിപ്പോർട്ടുകൾ മുഴുവൻ കൂട്ടി വെച്ചാൽ ഒരു വലിയ നോവലാകും. മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും വൃക്ഷങ്ങൾക്കും പൊടിക്കും നക്ഷത്രത്തിനും തുല്യപ്രാധാന്യമുള്ള ഒരു നോവൽ. അത് മരിച്ചവരോ ജീവിക്കുന്നവരോ ജനിക്കാനിരിക്കുന്നവരോ ആയ ഏതെങ്കിലും പ്രതിഭാശാലികൾ ചെയ്യട്ടെ.

**വേ**ണമെങ്കിൽ ഇവിടെ ഈ കഥയ്ക്ക് കാൽപ്പനികമായ ഒരു തിരിവ് നൽകാം. ആ ഗവേഷക പലപ്പോഴും സുവീരന്റെ കൂടെ നടക്കാൻ പോകുന്നതും അവർ ക്രമേണ പരസ്പരം അടുക്കുന്നതും വിവാഹം കഴിക്കുന്നതും മറ്റും. ഒരു ഡാൻസിനും പാട്ടിനുമുള്ള ഈ നല്ല അവസരം പക്ഷേ കളഞ്ഞു കുളിക്കാതെ തരമില്ലേ. അതുണ്ടായില്ല എന്ന് സാരം. 'പ്രതിഭാ'നാമധാരിയായ ആ യുവതി തന്റെ ഗവേഷണ വിഷയങ്ങളായ ആ മൂന്നു എഴുത്തുകാരുടെ പിന്നാലെ തന്നെയായിരുന്നു നടത്തം. മൂന്നു ഇന്ത്യകൾ തമ്മിലുള്ള വ്യത്യാസം അങ്ങിനെ അവൾ ചെറുപ്പത്തിലേ മനസ്സിലാക്കി. ചിലപ്പോൾ ബാറുകളിലും തെരുവുകളിലും നാട്ടിൻപുറങ്ങളിലും മറ്റും മൂന്നു രാജ്യങ്ങളും ഏറ്റുമുട്ടുന്നതും കണ്ടു. അവിടെയൊക്കെ വെറും മൃഗക്കരുത്തു കൊണ്ട് ബ്രാഹ്മണരുടെ ഇന്ത്യ തന്നെയാണ് ജയിച്ചു

കൊണ്ടിരുന്നത്. ഒരു ദിവസം നടക്കാൻ പോകുമ്പോൾ തനിക്കു പ്രിയങ്കരിയായിരുന്ന ഒരു പത്രപ്രവർത്തക, കാണികളായി കൂടിയിരുന്നവരുടെ ഇടയിൽ രക്തത്തിൽ കുളിച്ചു കമിഴ്ന്നു കിടക്കുന്നതും അവൾക്കു കാണേണ്ടി വന്നു. അത് ശരിയായ ഇന്ത്യ തന്നെ എന്ന് അവൾക്കു തോന്നിയതിൽ തെറ്റില്ല. ആ നടത്തം പ്രതിഭയെ ആകെ മാറ്റിമറിച്ചു . മാർച്ചിന്റെ താളത്തിലായി അവളുടെ നടത്തം. ഊടുവഴികളിലും സൈബറി ടങ്ങളിലും അവൾ ആ തരക്കാരെ പിന്തുടരാൻ ആരംഭിച്ചു. പല കുറ്റങ്ങളും കണ്ടുപിടിക്കാൻ പോലീസുകാരെ സഹായിക്കയും ചെയ്തു. അവയെല്ലാം ഗൌരവത്തോടെ പിന്തുടരപ്പെട്ടോ എന്നത് മറ്റൊരു കാര്യം.

ഈ കഥ ഇങ്ങിനെ ഒരു യഥാതഥകഥയായി പരിണമിക്കും എന്ന് ഓർത്തിരുന്നതേയല്ല. പക്ഷെ നമ്മുടെ കാലം അങ്ങിനെയായിപ്പോയി: എന്ത് പറഞ്ഞു വന്നാലും ഒടുവിൽ യാഥാർത്ഥ്യത്തിലെത്തും, രാജ്യത്തെക്കുറിച്ചുള്ള പല തരം സങ്കൽപ്പങ്ങളിലും. അതു പോകട്ടെ. നമ്മുടെ ക്ലബ്ബിലെ നടത്തക്കാരുടെ ഡയറികൾ നിറയെ ഇത്തരം സംഭവങ്ങളായിരുന്നു: ഭൂമി കയ്യേറ്റങ്ങൾ, രഹസ്യക്കൊലപാതകങ്ങൾ, കൈക്കൂലിക്കഥകൾ , വനം കൊള്ള, കാട്ടുമൃഗങ്ങളെ വേട്ടയാടൽ, ദളിതഹത്യകൾ, പകൽ ശത്രുക്കളായ കക്ഷികൾ തമ്മിലുള്ള രാത്രിയിലെ രഹസ്യബാന്ധവങ്ങൾ, ഗോവിന്റെയും രാമന്റെയും പേരിൽ ചില ആൾക്കൂട്ടങ്ങൾ നടത്തുന്ന തല്ലിക്കൊലകൾ... വല്ലപ്പോഴും നല്ല കാഴ്ചകൾ ഇല്ലാതിരുന്നില്ല , മതത്തെ മറി കടക്കുന്ന ഒരു പ്രണയത്തിന്റെയോ, മുറിവേറ്റു കിടന്ന ഒരു നായ്ക്കുട്ടിയെ ഒരു പെൺകുട്ടിഎടുത്തു ചികിത്സിക്കാൻ കൊണ്ടുപോകുന്നതിന്റെയോ, ദരിദ്രരുടെ കോളനികളിൽ ചില സംഘടനകൾ റാഗിയോ പഞ്ചസാരയോ വിതരണം ചെയ്യുന്നതിന്റെയോ, എവിടെയെങ്കിലും നടക്കുന്ന ഒരു ചെറിയ പ്രതിഷേധയോഗത്തിന്റെയോ ധീരരായ ചില എഴുത്തുകാരുടെയും കലാകാരന്മാരുടെയും പ്രസംഗങ്ങളുടെയോ ചില ചെറുപ്പക്കാർ ആദിവാസികളെ സംഘടിപ്പിക്കുന്നതിന്റെയോ ഒക്കെ ആശ്വാസം പകരുന്ന കാഴ്ചകൾ. പക്ഷേ അവ നിബിഡമായ നിശാവനത്തിലെ മിന്നാമിനുങ്ങുകൾ പോലെ മാത്രമായിരുന്നു.

ക്ലബ്ബിലെ ഒരംഗം തമിഴ് മാതൃഭാഷയായ ഒരു ക്രൈംബ്രാഞ്ചുദ്യോഗസ്ഥ നായിരുന്നു. അയാൾക്കാണ് അംഗങ്ങളുടെ പ്രതിവാരഡയറികൾ ഏറ്റവും പ്രയോജനം ചെയ്തത്. പോലീസ് തന്നെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ കുറ്റവാളികളെ സഹായിക്കുകയോ ചെയ്യുന്ന ചില ഡയറിക്കുറിപ്പുകൾ അയാൾക്ക് അത്ര സുഖിച്ചില്ലെങ്കിലും . അത്തരം റിപ്പോർട്ടുകൾ ഏറെയും സുവീരൻ തന്നെയാണ് അവതരിപ്പിച്ചിരുന്നത്.

ക്ലബ്ബ് അഞ്ചു വർഷമായി നന്നായി നടന്നു പോവുകയായിരുന്നു. അതിനിടെ ഒരു ദിവസം നടക്കാൻ പോയ സുവീരൻ തിരിച്ചു വന്നില്ല. താൻ ഏതു ദിശയിലാണ് പോകുന്നതെന്ന് അയാൾ കൂട്ടുകാരോട് വെളിപ്പെടുത്താറില്ല . അതുകൊണ്ട് അന്വേഷണം വഴിമുട്ടി നിന്നു. അംഗങ്ങളും പോലീസുദ്യോഗസ്ഥരും തിരയാത്ത സ്ഥലങ്ങളില്ല. കാടുകളും അരുവികളും മലകളും ഉൾപ്പെടെ. പ്രതിഭയെക്കൂടി കാണാതായത് കൊണ്ട് അവർ പലതും ഊഹിച്ചു. എങ്കിലും അവർ പ്രണയിച്ചു ഒളിച്ചോടുമെന്നു അവർക്ക് ചിന്തിക്കാനേ കഴിഞ്ഞില്ല. അത്തരമൊരു ബന്ധത്തിന്റെ ഒരു സൂചനയും ഇരുവരുടെയും ചേഷ്ടകളിൽ ഇല്ലായിരുന്നു. ഇതിന്നകം പ്രതിഭ തന്റെ തീസിസ് സമർപ്പിച്ചു അഭിമുഖം കാത്തിരിക്കയായിരുന്നു. അവൾ അവിടെ നടന്ന രാഷ്ട്രീയക്കൊലപാതകങ്ങൾ പഠിക്കുകയും ചില യോഗങ്ങളിൽ അവളുടെ

കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. തന്നെയുമല്ലാ, അവളുടെ നേതൃത്വത്തിൽ സുവീരൻ എഡിറ്റർ ആയി ക്ലബ്ബ്, അതിന്റെ ഞായറാഴ്ചറിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഒരു ബുള്ളറ്റിൻ ഇറക്കാനും തുടങ്ങിയിരുന്നു.

ക്രമേണ ക്ലബ്ബിലെ അംഗങ്ങൾ ഓരോരുത്തരായി പല കാരണങ്ങളാൽ പിരിഞ്ഞു പോയി, ചിലർ മരിച്ചു, ചിലർക്ക് ജീവിതത്തിരക്കുകൾ കൂടി, ചിലർ ജോലി മാറിയോ പിരിഞ്ഞോ മറ്റു പട്ടണങ്ങളിലേക്കു മാറി. പക്ഷെ സുവീരന്റെ ആ ഒറ്റമുറിയുടെ മുന്നിൽ 'മരത്തഹള്ളി വാക്കേഴ്സ് ക്ലബ്' എന്ന ബോർഡ് –സുവീരൻ തന്നെ ലാപ് ടോപ്പിൽ ഡിസൈൻ ചെയ്തു അച്ചടിച്ച് ഒട്ടിച്ചുവെച്ചത്- ഇപ്പോഴുമുണ്ട്. ഞായറാഴ്ചകളിൽ ആ ഒറ്റമുറിയിൽ ആരോ നടക്കുന്നതും യാത്രകളുടെ കുറിപ്പുകൾ താണ സ്വരത്തിൽ വായിക്കുന്നതും അയൽക്കാർ കേൾക്കാറുണ്ടത്രേ! ചിലപ്പോളൊക്കെ തീർത്ഥഹള്ളിയിലോ പഴയ എയർപോർട്ട് റോഡിലോ ശിവസമുദ്രത്തിലോ മടിക്കേരിയിലെ ആനത്താരകളിലോ വഴിപോക്കർക്കു മുന്നിൽ മുപ്പത്തഞ്ചു വയസ്സ് തോന്നിക്കുന്ന, നെഞ്ചിൽ നിന്നു ചോരയൊലിക്കുന്ന ,ഒരു ചെറുപ്പക്കാരൻ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു മറയാറുണ്ടെന്നും ചിലപ്പോൾ ചുവന്ന ചുഡിദാർ ധരിച്ച, നീലിച്ച മുഖവും കൈകാലുകളുമുള്ള, ഒരു യുവതിയും അയാൾക്കൊപ്പം ഉണ്ടാകാറുണ്ടെന്നും പറയുന്നു.